27 ജൂൺ 2019

കുടുംബശ്രീ
പ്രതിധ്വനി

www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 32

## 80,000 പേർക്ക് സൗജന്യ നൈപുണ്യ പരിശീലനം

# ഡിഡിയുജികെവൈ രണ്ടാം ഘട്ടത്തിന് തുടക്കം

കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്ര നൈപുണ്യ പരിശീലന തൊഴിൽദാന പദ്ധതിയായ ഡിഡിയുജികെവൈയുടെ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന) രണ്ടാം ഘട്ടത്തിന് ഔദ്യോഗിക തുടക്കം. 2019 മുതൽ 2022 വരെ നിശ്ചയിച്ചിരിക്കുന്ന രണ്ടാം ഘട്ടത്തിൽ 80,000 പേർക്ക് കൂടി പരിശീലനം നൽകുന്നതിന് 800 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ നടന്ന ചടങ്ങിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ രണ്ടാം ഘട്ടത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. പുതിയ 27 പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികളുമായുള്ള ധാരണാ പത്രം ഒപ്പുവയ്ക്കലും മികച്ച പ്രകടനം നടത്തിയ നിലവിലുള്ള എട്ട് ഏജൻസികൾക്കുള്ള അവാർഡ് ദാനവും അദ്ദേഹം നിർവ്വഹിച്ചു. 8810 പേർക്ക് പരിശീലനം നൽകുന്നതിനുള്ള ലക്ഷ്യമാണ് പുതിയ ഏജൻസികൾക്ക് നൽകിയിരിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പുരസ്ക്കാരങ്ങൾ 2017, 2018 വർഷങ്ങളിൽ കുടുംബശ്രീയ്ക്ക് ലഭിച്ചിരുന്നു.



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഡിഡിയുജികെവൈ രണ്ടാം ഘട്ടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നു. കുടുംബശ്രീ സംസ്ഥാന മിഷൻ ഉദ്യോഗസ്ഥർ സമീപം.

സുസ്ഥിര ഉപജീവനം ലക്ഷ്യമിട്ട് ഗ്രാമീണ മേഖലയിലെ യുവതീയുവാക്കൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സൗജന്യ പദ്ധതിയായ ഡിഡിയുജികെവൈ 2015 മുതലാണ് കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പിലാക്കി തുടങ്ങിയത്. 18 വയസ്സ് മുതൽ 35 വയസ്സു വരെയുള്ളവർക്കാണ് പരിശീലനം നൽകുന്നത്. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട ആദിവാസികൾ തുടങ്ങിയ വിഭാഗങ്ങൾക്ക് 45 വയസ്സുവരെയാണ് പ്രായപരിധി. പരിശീലനവും താമസവും ഭക്ഷണവും പഠനോപകരണങ്ങളും സൗജന്യമായി നൽകും. ഇതുവരെ 52,350 കുട്ടികൾക്ക് കുടുംബശ്രീ പരിശീലനം നൽകി. പരിശീലനം പൂർത്തിയാക്കിയ 42,352 കുട്ടികളിൽ 32,498 കുട്ടികൾക്ക് ജോലിയും ലഭിച്ചു.

- **ഇതുവരെ 52,350 പേർക്ക് പരിശീലനം നൽകി**
- **അക്കൗണ്ടിങ് മുതൽ എയർഹോസ്റ്റസ് പരിശീലനം വരെ**

32 തൊഴിൽ മേഖലകളിലെ 126 കോഴ്സുകളിൽ കേരളത്തിൽ ഡിഡിയുജികെവൈ വഴി പരിശീലനം നൽകുന്നു. അക്കൗണ്ടിങ്, അനിമേഷൻ തുടങ്ങി എയർ ഹോസ്റ്റസ് ട്രെയിനിംഗ് വരെ ഇതിൽ ഉൾപ്പെടുന്നു. മൂന്ന് മാസം മുതൽ 1 വർഷം വരെ കാലയളവുള്ള കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.ടി (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയ്നിങ്), എസ്എസ്സി (സെക്ടർ സ്കിൽ കൗൺസിൽ) സർട്ടിഫിക്കറ്റുകളാണ് നൽകുക. 14 ജില്ലകളിലായി 150ലേറെ പരിശീലന കേന്ദ്രങ്ങളാണുള്ളത്. പദ്ധതി വിവരങ്ങൾ അറിയുന്നതിനും രജിസ്ട്രർ ചെയ്യുന്നതിനും കൗശൽ പഞ്ചി എന്ന മൊബൈൽ ആപ്ലിക്കേഷനുമുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ മൈഗ്രേഷൻ സപ്പോർട്ട് സെന്ററും പ്രവർത്തിക്കുന്നു.

ഈ പദ്ധതി പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടേതായി അവതരിപ്പിച്ച പ്രത്യേക മാതൃകകൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രത്യേക അഭിനന്ദനം നേടിയിരുന്നു. ഡിഡിയുജികെവൈ പരിശീലനാർത്ഥികൾക്കുള്ള യൂണിഫോം നൽകുന്നതിനും ഹോസ്റ്റലുകളിൽ ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിനും കുടുംബശ്രീ സൂക്ഷ്മ സംരംഭകരെ ഉൾപ്പെടുത്തിയതും കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകിയതുമടക്കമുള്ള പ്രവർത്തനങ്ങളാണ് ദേശീയതലത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കുന്നതിനായി മന്ത്രാലയം താത്പര്യപ്പെട്ടിരിക്കുന്നത്.

ഡിഡിയുജികെവൈ സ്റ്റേറ്റ് പ്രോഗ്രാം മാനേജരും ടീം ലീഡറുമായ എൻ.പി.ഷിബു ചടങ്ങിന് സ്വാഗതം ആശംസിച്ചു. മലങ്കര സോഷ്യൽ സർവ്വീസസ് സൊസൈറ്റി, അപ്പോളോ മെഡ് സ്കിൽസ്, രാജഗിരി സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്, പിഎസ്എൻ, കൈറ്റ്സ് സോഫ്ട് വെയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ജൻ ശിക്ഷൺ സൻസ്ഥാൻ, കിറ്റക്സ് ചിൽഡ്രൻസ്‌വെയർ പ്രൈവറ്റ് ലിമിറ്റഡ്, എംഎസ്എം ഐടിഐ എന്നീ പിഐഎകൾക്കാണ് മികച്ച പ്രകടനം നടത്തിയതിനുള്ള പുരസ്ക്കാരങ്ങൾ നൽകിയത്. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ. കെ.ആർ. ഷൈജു നന്ദി പറഞ്ഞു.

## പിഎംഎവൈ: ഇന്ത്യൻ ബാങ്കും കുടുംബശ്രീയും ധാരണാപത്രത്തിൽ ഒപ്പുവച്ചു

# 5000 കുടുംബങ്ങൾക്ക് ഭവനവായ്പ

പ്രധാനമന്ത്രി ആവാസ് യോജനയുടെ (പിഎംഎവൈ) ഭാഗമായ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സിഎൽഎസ്എസ്) അനുസരിച്ച് 2020 മാർച്ചിനുള്ളിൽ 5000 കുടുംബങ്ങൾക്ക് ബാങ്ക് വായ്പ നൽകുന്നതിന് കുടുംബശ്രീയും പ്രമുഖ പൊതുമേഖലാ ബാങ്കായ ബാങ്ക് ഓഫ് ഇന്ത്യയും തമ്മിൽ ധാരണയിലെത്തി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, ബാങ്ക് ഓഫ് ഇന്ത്യ കേരള സോണൽ മാനേജർ വി. മഹേഷ് കുമാർ എന്നിവർ ചേർന്ന് ധാരണാപത്രത്തിൽ ഒപ്പുവച്ചു. നേരത്തേ ആക്സിസ് ബാങ്കുമായും സിഎൽഎസ്എസിനു വേണ്ടി കുടുംബശ്രീ കരാറിലെത്തിയിരുന്നു. കേരളത്തിലെ 93 നഗരസഭകളിൽ നിന്നുള്ള 9436 കുടുംബങ്ങൾക്ക് ഇതനുസരിച്ച് വായ്പ്പ നൽകി കഴിഞ്ഞു. പിഎംഎവൈ(നഗരം) യുടെ കേരളത്തിലെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

2022 ഓടെ നഗരപ്രദേശത്ത് ഏവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പിഎംഎവൈ. ഇതിന്റെ ഭാഗമായി നഗരപ്രദേശത്തെ ഭവനരഹിതർക്ക് ഭവനം വാങ്ങുന്നതിനോ നിർമ്മിക്കുന്നതിനോ നിലവിലുള്ള വീടുകൾ താമസ യോഗ്യമാക്കുന്നതിനോ കുറഞ്ഞ പലിശനിരക്കിൽ ബാങ്കുകൾ മുഖേന വായ്പ നൽകുന്ന പദ്ധതിയാണ് സിഎൽഎസ്എസ്.



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോറും ഇന്ത്യൻ ബാങ്ക് കേരള സോണൽ മാനേജർ വി. മഹേഷ് കുമാറും ധാരണാപത്രവുമായി. കുടുംബശ്രീ പ്രോഗ്രാം മാനേജർമാരായ രോഷ്നി പിള്ള, എം. ഭാവന, പ്രദീപ്, ഇന്ത്യൻ ബാങ്ക് തിരുവനന്തപുരം ഏരിയ മാനേജർ ആർ. രാജേഷ് (ഇടത്ത്) എന്നിവർ സമീപം.

കേരളത്തിലെ ഏതെങ്കിലും നഗരത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി സ്ഥിരതാമസക്കാരായവർക്കും കുടുംബത്തിലെ അംഗങ്ങളുടെ ആരുടെ പേരിലും ഇന്ത്യയിലൊരിടത്തും സ്ഥായിയായ വാസയോഗ്യമായ വീടുകളില്ലാത്തവർക്കും മാത്രമേ സിഎൽഎസ്എസിന് അപേക്ഷിക്കാനാകൂ. ഈ സബ്സിഡി സ്കീം അനുസരിച്ച് 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള (സാമ്പത്തികമായി പിന്നാക്ക വിഭാഗം) കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വരെ പലിശ സബ്സിഡിയോട് കൂടി വായ്പ ലഭിക്കും. 6.5 ശതമാനമാണ് പലിശ സബ്സിഡി. 3 മുതൽ 6 ലക്ഷം വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങ ൾക്കും (താഴ്ന്ന വരുമാന വിഭാഗം) ഇതേ നിരക്കിൽ വായ്പ ലഭിക്കും. 6 മുതൽ 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ഇടത്തര വരുമാന വിഭാഗക്കാർക്ക് 9 ലക്ഷം രൂപവരെയുള്ള വായ്പാ തുകയ്ക്ക് പലിശ സബ്സിഡി ലഭിക്കും. 4 ശതമാനമാണിത്. 12 മുതൽ 18 ലക്ഷം വരെ വാർഷിക വരുമാനമുള്ള രണ്ടാംതലം ഇടത്തരക്കാർക്ക് പലിശ സബ്സിഡി ലഭിക്കുന്ന പരമാവധി വായ്പാ തുക 12 ലക്ഷമാണ്. 3 ശതമാനമാണ് പലിശ സബ്സിഡി. എല്ലാ വായ്പകളുടെയും തിരിച്ചടവിനുള്ള കാലാവധി 20 വർഷവും.

ചടങ്ങിൽ കുടുംബശ്രീ പിഎംഎവൈ സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ രോഷ്നി പിള്ള, എം. ഭാവന, പ്രദീപ് എന്നിവരും ബാങ്ക് ഓഫ് ഇന്ത്യ തിരുവനന്തപുരം ഏരിയ മാനേജർ ആർ. രാജേഷ് എന്നിവരും പങ്കെടുത്തു.

## അന്ധയുവാവിന് ഡിഡിയുജികെവൈയിലൂടെ വിദേശജോലി



ഗ്രാമീണമേഖലയിലെ യുവതീയുവാക്കൾക്ക് സൗജന്യ നൈപുണ്യ പരിശീലവും തൊഴിലും ഉറപ്പ് നൽകുന്ന കേന്ദ്ര പദ്ധതിയായ ഡിഡിയുജികെവൈ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന)യിലൂടെ അന്ധനായ യുവാവിന് വിദേശ ജോലി. മലപ്പുറം സ്വദേശിയായ ഇസ്മൈൽ സൈദലവിയാണ് 40,000 രൂപ ശമ്പളത്തിൽ യുഎഇയിലെ അബുദാബിയിലെ പ്രമുഖ കമ്പനിയിൽ ടെലി സെയിൽസ് എക്സിക്യൂട്ടീവ് ജോലി സ്വന്തമാക്കിയത്. കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പിലാക്കുന്ന ഈ കേന്ദ്ര പദ്ധതിയുടെ പിഐഎ (പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസി)യായ സമർത്ഥനം ട്രസ്റ്റ് വൈകല്യമുള്ളവർക്ക് നൽകിയ ബിപിഒ നോൺ വോയ്സ്- വോയ്സ് കോഴ്സിലാണ് പള്ളിക്കൽ സ്വദേശിയായ ഇസ്മൈൽ പരിശീലനം നേടിയത്. കേരളത്തിൽ നിന്ന് ഇതാദ്യമായാണ് പൂർണ്ണമായും അന്ധനായ ഒരു ഡിഡിയുജികെവൈ പരിശീലനാർത്ഥി വിദേശ ജോലി സ്വന്തമാക്കുന്നത്.

ഭാര്യയും കുടുംബാംഗങ്ങളുമൊത്ത് സമാധാനപരമായി ജീവിതം മുന്നോട്ട് നയിക്കുന്നതിനിടയിലാണ് ഇസ്മൈയിലിന് പൂർണ്ണമായും കാഴ്ചശക്തി നഷ്ടമാകുന്നത്. ജോലിയും നഷ്ടമായതോടെ ഭാവി ഇരുളടഞ്ഞു. ഈ അവസരത്തിലാണ് ഡിഡിയുജികെവൈ വഴി സമർത്ഥനം ട്രസ്റ്റ് എറണാകുളം കാക്കനാട് വൈകല്യമുള്ളവർക്ക് നൈപുണ്യ പരിശീലനം നൽകുന്ന വിവരം അറിഞ്ഞത്. കോഴ്സിന്റെ ഭാഗമായി ആശയവിനിമയത്തിലും ഐടിയിലും ഉൾപ്പെടെ ഇസ്മൈൽ പരിശീലനം നേടി. എയിംസ് ട്രെയിനിംഗ് സെന്ററിൽ ട്രസ്റ്റ് ഒരുക്കിയ അഭിമുഖം വഴിയാണ് ഇസ്മൈലിന് വിദേശ ജോലി ലഭിച്ചത്.

## പരിശീലനം നേടിയവർക്കെല്ലാം ജോലി, എസ്എൻ ട്രസ്റ്റിന് മികച്ച നേട്ടം

കുടുംബശ്രീ വഴി നടപ്പിലാക്കുന്ന സൗജന്യ നൈപുണ്യ തൊഴിൽദാന പരിപാടിയായ ഡിഡിയുജികെവൈ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന) പിഐഎയായ (പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസി) എസ്എൻ ട്രസ്റ്റിന് മികച്ച നേട്ടം. കാസർഗോഡ് ജില്ലയിലെ ഈ ഏജൻസി പരിശീലനം നൽകിയ ആദ്യ ബാച്ചിലെ കുട്ടികളെല്ലാം ജോലി സ്വന്തമാക്കി. ഹോട്ടൽ മാനേജ്മെന്റ് വിഭാഗത്തിലെ അടിസ്ഥാന



കോഴ്സായ ഫുഡ് ആൻഡ് ബിവറേജസ് കോഴ്സ് പഠിച്ചിറങ്ങിയ 70 കുട്ടികളാണ് ജോലി സ്വന്തമാക്കിയത്. ഒറിക്സ് വില്ലേജ്, ദ റാവിസ്, പാർക്ക് റെസിഡൻസി, ഹരിശ്രീ ഇന്റർനാഷണൽ, വൈശാഖ് ഇന്റർനാഷണൽ തുടങ്ങിയ പ്രമുഖ ഹോട്ടലുകളിലാണ് ഇവർ ജോലി നേടിയത്. 7000 മുതൽ 12,000 വരെ ശമ്പളമാണ് ഇവർക്ക് ലഭിക്കുക. 35 വീതം കുട്ടികളുള്ള രണ്ട് ക്ലാസ്സുകളിലായാണ് കുട്ടികൾക്ക് പരിശീലനം നൽകിയത്. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, അക്കൗണ്ടിങ് എന്നീ കോഴ്സുകളിലും ഏജൻസി പരിശീലനം നൽകുന്നുണ്ട്.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Vargheese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun. S, E-mail: prteamkshreeho@gmail.com